**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** | **10-06-2021 - ൽ മറുപടിയ്ക്ക്**

**വർധിച്ചുവരുന്ന തൊഴിലില്ലായ്മ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് വർധിച്ചുവരുന്ന തൊഴിലില്ലായ്മയുടെ ആഘാതം കേരളത്തെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറെയുള്ള കേരളത്തെയും വളരെയധികം ബാധിച്ചിട്ടുണ്ട്. കേരളത്തിൽ രണ്ട് കാലഘട്ടങ്ങളിലായുണ്ടായ പ്രളയം, കോവിഡ് മഹാമാരി എന്നിവ കാരണം സംഘടിത, അസംഘടിത മേഖലകളിൽ ധാരാളം തൊഴിൽനഷ്ടം ഉണ്ടായി. കൂടാതെ മറുനാട്ടിലും വിദേശരാജ്യങ്ങളിലും പണിയെടുത്തിരുന്ന ലക്ഷക്കണക്കിന് മലയാളികൾക്ക് കോവിഡ്-19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെടുകയും സ്വന്തം നാട്ടിലേക്ക് വരേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് തൊട്ടുമുൻപ് 2020 മാർച്ച് മാസം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 34.24 ലക്ഷം ഉദ്യോഗാർത്ഥികളാണ് പേര് രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ കോവിഡ് മഹാമാരി വന്നതിനുശേഷം 2021 മെയ് 31-ലെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 37.71 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ കണക്കിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസത്തിൽ കേരളത്തിന്റെ ജനസംഖ്യയുടെ 10 ശതമാനമായിരുന്നു തൊഴിലില്ലായ്മ നിരക്ക്. എന്നാൽ കോവിഡ് മഹാമാരി വന്നതിനു ശേഷമുള്ള 2020 മെയ് മാസത്തെ കണക്കനുസരിച്ച് പ്രസ്തുത തൊഴിലില്ലായ്മ നിരക്ക് 11 ശതമാനമായി വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ടി കണക്കുകളിൽ നിന്നും രാജ്യത്തെ തൊഴിലില്ലായ്മയുടെ ആഘാതം കേരളത്തേയും ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. |
| (ബി) | കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ | (ബി) | കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ |

| | | | |
|---|---|---|---|
| | ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ അതിരൂക്ഷമായിട്ടുണ്ടോ; വിശദീകരിക്കുമോ; | | ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ രൂക്ഷമാണെന്ന് കാണുന്നു. 2020 മാർച്ച് മാസത്തിൽ കേരളത്തിലെ ജനസംഖ്യയുടെ 10 ശതമാനമായിരുന്നു തൊഴിലില്ലായ്മ നിരക്ക്. എന്നാൽ കോവിഡ് മഹാമാരി രൂക്ഷമായതിന് ശേഷമുള്ള 2021 മെയ് മാസത്തെ കണക്ക് പ്രകാരം പ്രസ്തുത തൊഴിലില്ലായ്മ നിരക്ക് 11 ശതമാനമായി വർദ്ധിച്ചിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന് കീഴിലുള്ള Statistics & Programme Implementation മന്ത്രാലയത്തിന്റെ Periodic Labour Force Survey(PLFS) പ്രകാരം കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് മുൻപ് രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 9.1 ശതമാനവും, കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 16.3 ശതമാനവുമായിരുന്നു. മഹാമാരി രൂക്ഷമായതിന് ശേഷമുള്ള 2020 ജൂൺ മാസത്തെ കണക്കനുസരിച്ച് രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 20.8 ശതമാനമായും, കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 27.3 ശതമാനമായും ഉയർന്നതായി കാണുന്നു. |
| (സി) | പ്രവാസികൾ വൻതോതിൽ തിരിച്ചുവരുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി ഉൾപ്പെടെ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വിശദീകരിക്കുമോ? | (സി) | കോവിഡ് ബാധയെത്തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചു വരുന്നു. കോവിഡ്-19ന്റെ വ്യാപനത്തിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും, കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ക്രിയാത്മക നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ നിന്നും തേടുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രൂപീകരിച്ച എക്സ്പർട്ട് കമ്മിറ്റി, പൊതുജനങ്ങളിൽ നിന്നും ലഭ്യമായ ആശയങ്ങളും പദ്ധതികളും പരിശോധിച്ചു വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് 'നോർക്ക' സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. തൊഴിൽസാധ്യത ലഭ്യമാക്കാൻ ശ്രമിക്കുന്നതിനോടൊപ്പം നൈപുണ്യം മെച്ചപ്പെടുത്തി വിദേശത്ത് ലഭ്യമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തുന്നു. കോവിഡ്ബാധ മൂലം പ്രതിസന്ധി നേരിടുന്ന പ്രവാസി സമൂഹത്തിനെ സഹായിക്കുവാൻ നിലവിൽ ഇടക്കാല സമാശ്വാസ പദ്ധതിയായി 2020-21 സാമ്പത്തിക വർഷത്തിൽ 5000 രൂപ വീതം ധനസഹായം നൽകിയിരുന്നു. ഈ പദ്ധതിയിലേയ്ക്ക് അപേക്ഷിച്ച പ്രവാസികളിൽ നാളിതുവരെ 1,28,799 പ്രവാസികൾക്കായി ആകെ |

63.3 കോടി രൂപ നൽകിയിട്ടുണ്ട്. ഇതു കൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000/- രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം നോർക്ക റൂട്ട്സ് മുഖേന 141 പേർക്കായി ആകെ 14.10 ലക്ഷം രൂപയും പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന 490 പേർക്കായി ആകെ 49 ലക്ഷം രൂപയും നാളിതുവരെയായി നൽകിയിട്ടുണ്ട്. ഇതു കൂടാതെ പ്രവാസികാര്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന പ്രവാസി സമാശ്വാസ പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി താഴെ കാണുന്ന വാർഷിക പദ്ധതികൾ, പദ്ധതി വിഹിതങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടു നടപ്പിലാക്കി വരുന്നു. 1. സാന്ത്വന:- തിരിച്ചുവരുന്ന പ്രവാസികൾക്ക് വേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കി വരുന്ന സമാശ്വാസ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ തുകയായ 27 കോടി രൂപയിൽ നിന്ന് നടപ്പ സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയായി വർദ്ധിപ്പിച്ചു. 2. തിരിച്ചുവരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ Norka Department Project for Return Emigrants (NDPREM)പദ്ധതിയുടെ പദ്ധതിവിഹിതം 2020-21 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള 18 കോടിയിൽ നിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിച്ചു. 3. ഇതുകൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ-പുനർ സംയോജന മേഖലയിൽ നടപ്പിലാക്കുന്ന നൂതന പദ്ധതിയ്ക്ക് മാത്രമായി 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഒഡെപെക് മുഖേനയുള്ള വിദേശ നിയമനത്തിന് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചുവരുന്ന പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇവർക്കായി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഒഡെപെക്കിന്റെ വിദേശനിയമനങ്ങളിൽ ഭൂരിഭാഗവും നഴ്സുമാരുടെ ഒഴിവുകളിലേക്കാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചുവരേണ്ട സാഹചര്യം ഈ വിഭാഗത്തിനുണ്ടായിട്ടില്ല. നിലവിൽ ഒഡെപെക് നടത്തിവരുന്നതും ഭാവിയിൽ ഉണ്ടാകുന്നതുമായ വിദേശ നിയമനങ്ങൾക്ക്, തൊഴിലുടമ ആവശ്യപ്പെടുന്ന യോഗ്യതകൾക്കനുസരിച്ച വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ടു തിരിച്ചു വരുന്ന

| | | | |
|---|---|---|---|
| | | | പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ രൂപീകൃതമായിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുകളിൽ പ്രവാസികളായ തൊഴിൽ അന്വേഷകർ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള തൊഴിലവസരങ്ങൾക്കായി രജിസ്റ്റർ ചെയ്യാവുന്നതും അവരുടെ നൈപുണ്യങ്ങൾ വികസിപ്പിച്ച് അഭിരുചിക്കനുസൃതമായ തൊഴിൽ അവസരങ്ങൾ പ്രാപ്തമാക്കുന്നതിന് തൊഴിൽ മേളകൾ ഉൾപ്പെടെ സംഘടിപ്പിച്ച് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതുമാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളിലേയ്ക്ക് യോഗ്യരായ പ്രവാസികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ